# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27-05-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) ലക്ഷ്യ ബോധമുള്ള വിദ്യാർത്ഥികളാണ് രാജ്യത്തിൻറെ വികസനത്തിന് ആവശ്യമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.\
President Droupadi Murmu said that goal-oriented students are essential for the development of the country.

2) റേഷൻ പൊതുവിതരണവുമായി ബന്ധപ്പെട്ട സാർത്ഥക്-പിഡിഎസ് പദ്ധതി ദീർഘിപ്പിക്കാൻ കേന്ദ്രമന്ത്രിസഭ തീരുമാനം.
Cabinet approves scheme for Assistance in Ration Transport & Handling-Income with Automation in PDS.

3) മുൻ മുഖ്യമന്ത്രി പിണറായി വിജയൻറെ വസതിയിലടക്കം റെയ്ഡ് നടത്തി എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ്. ഇ.ഡിയ്ക്കെതിരായ സിപിഎം പ്രതിഷേധത്തിൽ സംഘർഷം. സംഭവത്തിൽ നാല് പേരെ അറസ്റ്റ് ചെയ്തു.
The Enforcement Directorate conducted raids, including at the residence of former Kerala Chief Minister Pinarayi Vijayan. Protests by CPI(M) workers against the ED raids turned violent. Four people have been arrested.

4) സ്നേഹത്തിൻറെയും സാഹോദര്യത്തിൻ്റെയും സ്മരണയിൽ, ഇസ്ലാം മത വിശ്വാസികൾ നാളെ ബലിപെരുന്നാൾ ആഘോഷിക്കും.

In remembrance of love and brotherhood, Eid al-Adha will be celebrated tomorrow.

5) ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ഉഷ്ണതരംഗ സാഹചര്യം രൂക്ഷമായി തുടരുന്നു. ജനങ്ങൾ മതിയായ മുൻകരുതലുകൾ സ്വീകരിക്കണമെന്ന് നിർദ്ദേശം.

Severe heatwave conditions continue in northern states . People have been advised to take necessary precautions.

6) ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ്, രാജസ്ഥാൻ റോയൽസ് പോരാട്ടം

In IPL Cricket Sunrisers Hyderabad will take on Rajasthan Royals today.

*********************

**Prez(intro)**

കൃത്യമായ ലക്ഷ്യ ബോധമുള്ള വിദ്യാർത്ഥികളാണ് രാജ്യത്തിൻറെ വികസനത്തിന് ആവശ്യമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഗാങ്ടോക്കിൽ സിക്കിം സർവകലാശാലയുടെ ഏഴാമത് ബിരുദദാന ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു രാഷ്ട്രപതി. യുവജനങ്ങളും വിദ്യാർത്ഥികളും കൃത്യമായ തയ്യാറെടുപ്പിലൂടെ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ ശ്രമിക്കണമെന്നും രാഷ്ട്രപതി ആഹ്വാനം ചെയ്തു. (വോയ്സ്)

*********************

**CABINET (EARLY) (intro)**

രാജ്യത്തെ റേഷൻ പൊതുവിതരണവുമായി ബന്ധപ്പെട്ട സാർത്ഥക്-പിഡിഎസ് പദ്ധതി ദീർഘിപ്പിക്കാൻ കേന്ദ്രമന്ത്രിസഭ തീരുമാനം. സംസ്ഥാനങ്ങൾക്കിടയിലെ ഭക്ഷ്യധാന്യ കൈമാറ്റം ഫലപ്രദമാക്കുന്നതിനും, പൊതുവിതരണ സംവിധാനത്തിന്റെ നവീകരണത്തിനും, പദ്ധതി സഹായിക്കുമെന്ന് മന്ത്രിസഭ യോഗത്തിന് ശേഷം, കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ

മാധ്യമങ്ങളോട് പറഞ്ഞു. 25,530 കോടി രൂപയുടെ കേന്ദ്ര വിഹിതം പദ്ധതിക്കായി അനുവദിക്കും. നിർമ്മൽ, ആശ, സക്ഷം എന്നീ നിർമിത ബുദ്ധി ഘടകങ്ങൾ സാർത്ഥക്-പിഡിഎസിൽ ഉൾപ്പെടുത്തുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

(ഹോൾഡ്)

സംസ്ഥാനങ്ങൾക്കിടയിലെ ഭക്ഷ്യധാന്യ കൈമാറ്റവുമായി ബന്ധപ്പെട്ട ചിലവുകൾക്ക് കേന്ദ്ര സഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്താനും സാമ്പത്തിക കാര്യങ്ങളുമായി ബന്ധപ്പെട്ട മന്ത്രിസഭ സമിതി തീരുമാനിച്ചു.

********************

## SIR-SC

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ നിയമസാധുത ശരിവച്ച് സുപ്രീം കോടതി. തെരഞ്ഞെടുപ്പ് കമ്മീഷൻറെ നടപടിക്രമങ്ങൾ 1950-ലെ ജനപ്രാതിനിധ്യ നിയമത്തിനും 1960-ലെ വോട്ടർ രജിസ്ട്രേഷൻ ചട്ടങ്ങൾക്കും വിരുദ്ധമാണെന്ന വാദം കോടതി തള്ളി. ബിഹാറിൽ SIR നടത്തുന്നതിനായി കഴിഞ്ഞ വർഷം ജൂണിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ച വിജ്ഞാപനത്തെ ചോദ്യം ചെയ്ത് നൽകിയ ഹർജികളിലാണ് ചീഫ് ജസ്റ്റിസ് സൂര്യകാന്ത് ഉൾപ്പെട്ട ബെഞ്ചിൻറെ വിധി.

*********************

## Enforcement Directorate raid

CMRL-എക്സാലോജിക് പണമിടപാടുമായി ബന്ധപ്പെട്ട് മുൻ മുഖ്യമന്ത്രി പിണറായി വിജയൻറെ തിരുവനന്തപുരത്തെയും, കണ്ണൂരിലെയും വീടുകളിൽ ഉൾപ്പെടെ വിവിധ ഇടങ്ങളിൽ പരിശോധന നടത്തി എൻഫോഴ്സ്മെൻറ് ഡയറക്ട്രേറ്റ്. മുൻ മന്ത്രി പി എ മുഹമ്മദ് റിയാസിൻറെ കോഴിക്കോടുള്ള വീട്ടിലും സിഎംആർഎൽ ഓഫീസിലും പരിശോധന നടന്നു. ഇഡി നടപടിയിൽ സിപിഐഎം നേതാക്കളും പ്രവർത്തകരും സംസ്ഥാന വ്യാപകമായി പ്രതിഷേധിച്ചു.

തിരുവനന്തപുരത്തെ നടന്ന പ്രതിഷേധ പ്രകടനം സംഘർഷത്തിൽ കലാശിച്ചു. പരിശോധനയ്ക്ക് ശേഷം പുറത്തിറങ്ങിയ ഇ.ഡി ഉദ്യോഗസ്ഥരുടെ വാഹനങ്ങൾ പ്രവർത്തകർ ആക്രമിച്ചു. സംഭവത്തിൽ നാല് പേരെ പോലീസ് അറസ്റ്റ് ചെയ്തു. ദൃശ്യങ്ങളുടെ അടിസ്ഥാനത്തിലാണ് അറസ്റ്റ്. 12 പേരെ തിരിച്ചറിഞ്ഞതായും

പോലീസ് വ്യക്തമാക്കി. സിപിഎം നേതൃത്വവുമായി പോലീസ് നടത്തിയ സമവായ ചർച്ചയ്ക്കൊടുവിലാണ് അറസ്റ്റ് നടപടികൾ. ആക്രമണം നടത്തിയവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും നിയമം കയ്യിലെടുക്കാൻ ആരെയും അനുവദിക്കില്ലെന്നും ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു.

ഇ ഡി റെയ്ഡിനെ കുറിച്ച് ആഭ്യന്തര വകുപ്പിന് മുൻകൂർ അറിവുണ്ടായിരുന്നില്ലെന്നും അദ്ദേഹം വ്യക്തമാക്കി. ഇ ഡി റെയ്ഡ് രാഷ്ട്രീയ പകപോക്കലിന്റെ ഭാഗമാണെന്ന് സി.പി.ഐ (എം) സെക്രട്ടേറിയറ്റ് പ്രതികരിച്ചു. പ്രതിപക്ഷ പാർട്ടി നേതാക്കൾക്ക് എതിരായ കരുതിക്കൂട്ടിയുള്ള നടപടിയുടെ ഭാഗമാണിതെന്ന് പിണറായി വിജയൻ പറഞ്ഞു. ഇ.ഡി ഉദ്യോഗസ്ഥരെ ആക്രമിച്ച സിപിഎം സംഭവം ലജ്ജാകരമാണെന്ന് ബിജെപി സംസ്ഥാന അധ്യക്ഷനും എം എൽ എയുമായ രാജീവ് ചന്ദ്രശേഖർ പ്രതികരിച്ചു .

*********************

**SC- CBSE POLICY**

സിബിഎസ്ഇ ത്രിഭാഷാ നയത്തെ ചോദ്യം ചെയ്യുള്ള ഹർജി പരിഗണിക്കാൻ തീരുമാനിച്ച് സുപ്രീം കോടതി. രണ്ടാഴ്ചയ്ക്കുള്ളിൽ മറുപടി നൽകാൻ നിർദേശിച്ച്, കേന്ദ്ര സർക്കാരിനും, സിബിഎസ്ഇ-യ്ക്കും, എൻസിഇആർടി-യ്ക്കും കോടതി നോട്ടീസ് അയച്ചു. ചീഫ് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസുമാരായ ജോയ്മല്യ ബാഗ്ചി, വിപുൽ എം പഞ്ചോളി എന്നിവരടങ്ങിയ ബെഞ്ചാണ് ഹർജി പരിഗണിക്കുന്നത്.

*********************

**SC- VVPAT PLEA**

വിവിപാറ്റ് സ്ലിപ്പുകളിൽ സമയം രേഖപ്പെടുത്തണമെന്ന ആവശ്യത്തിൽ തീരുമാനമെടുക്കാനുള്ള അധികാരം, തിരഞ്ഞെടുപ്പ് കമ്മീഷനെന്ന്, സുപ്രീം കോടതി. വിഷയം സാങ്കേതിക സ്വഭാവമുള്ളതാണെന്നും, തിരഞ്ഞെടുപ്പ് കമ്മീഷന്റെ അധികാരപരിധിയിൽ വരുന്നതാണെന്നും, ഇത് സംബന്ധിച്ച ഹർജി പരിഗണിച്ചുകൊണ്ട് ചീഫ് ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസ് ജോയ്മല്യ ബാഗ്ചി എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി.

*********************

**PM12yrsbeneficiary (intro)**

വീടുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കാൻ സാമ്പത്തിക സഹായം ലഭിക്കുന്ന  കേന്ദ്രസർക്കാരിന്റെ പദ്ധതിയാണ് പി.എം സൂര്യഘർ യോജന. സുതാര്യവും, വളരെ എളുപ്പത്തിൽ ലഭിക്കുന്നതുമായ സേവനമാണിതെന്നും, പദ്ധതിയിലൂടെ വൈദ്യുതി ബിൽ പൂജ്യത്തിലെത്തിക്കാൻ സാധിച്ചതായും ഇടുക്കി മുക്കുടം സ്വദേശി  ഗോപി ആകാശവാണിയോട് പറഞ്ഞു.
(VOICE)

*********************

**BAKRID**

സ്നേഹത്തിൻറെയും സാഹോദര്യത്തിന്റെയും സ്മരണയിൽ,  നാളെ ബലിപെരുന്നാൾ . പ്രവാചകനായ ഇബ്രാഹിം നബി,  ആദ്യ പുത്രനായ ഇസ്മായിലിനെ ദൈവകൽപന മാനിച്ച്  ബലി അർപ്പിക്കാൻ സന്നദ്ധനായതിൻറെ  ഓർമ്മപുതുക്കലാണ് വലിയ പെരുന്നാൾ. മസ്ജിദുകളിൽ നാളെ രാവിലെ പെരുനാൾ നമസ്കാരവും, വിവിധ ജമാഅത്തുകളുടെ നേതൃത്വത്തിൽ ഈദ്ഗാഹുകളും നടക്കും.

*********************

**PM-HEATWAVE**

ഉഷ്ണ തരംഗം മൂലം രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ താപനില വർധിച്ചുവരുന്ന സാഹചര്യത്തിൽ, ജനങ്ങൾ മതിയായ മുൻകരുതലുകൾ സ്വീകരിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി .  ശക്തമായ വെയിലിൽ പുറത്തിറങ്ങുന്നത് ഒഴിവാക്കാനും, വീടിന് പുറത്തിറങ്ങുമ്പോൾ വെള്ളം കയ്യിൽ കരുതാനും അദ്ദേഹം അഭ്യർത്ഥിച്ചു. രാജസ്ഥാനിൽ ഉഷ്ണതരംഗം രൂക്ഷമായി അനുഭവപ്പെടുന്ന സാഹചര്യത്തിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് 5 ജില്ലകളിൽ ഓറഞ്ച് ജാഗ്രത നൽകി. ഡൽഹിയിൽ  താപനില 43 മുതൽ 45 ഡിഗ്രി സെൽഷ്യസ് വരെ ഉയരും. ഹരിയാന, മധ്യപ്രദേശ്,  പഞ്ചാബ്, രാജസ്ഥാൻ, യുപി എന്നിവിടങ്ങളിൽ  ഉഷ്ണതരംഗ സാഹചര്യം രൂക്ഷമാകുമെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

*********************

**Rain-Kerala**

കേരളത്തിൽ ഇന്ന് വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. 9 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

തെക്കുപടിഞ്ഞാറൻ കാലവർഷം സംസ്ഥാനത്തെത്താൻ രണ്ട് ദിവസം കൂടി വൈകിയേക്കും. , കള്ളക്കടൽ പ്രതിഭാസത്തെ തുടർന്ന് തീര മേഖലയിൽ പലയിടത്തും ഇന്ന് കടലാക്രമണത്തിന് സാധ്യതയുണ്ട്.

********************

## CBI-NEET UG

നീറ്റ്-യുജി പരീക്ഷാ പേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് രണ്ട് പേരെ കൂടി സിബിഐ അറസ്റ്റ് ചെയ്തു. 13 പേരാണ് കേസിൽ ഇതുവരെ അറസ്റ്റിലായത്.

********************

## IPL

ഐപിഎൽ ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദ് രാജസ്ഥാൻ റോയൽസിനെ നേരിടുന്നു. ടോസ് നേടിയ ഹൈദരാബാദ് ബൗളിങ്ങ് തിരഞ്ഞെടുത്തു.

ഇന്ന് നടക്കുന്ന എലിമിനേറ്റർ മത്സരത്തിലെ വിജയി, 29ന് നടക്കുന്ന രണ്ടാം ക്വാളിഫയറിൽ ഗുജറാത്ത് ടൈറ്റൻസുമായി ഏറ്റുമുട്ടും. ഇന്നലെ നടന്ന ഒന്നാം ക്വാളിഫയറിൽ ഗുജറാത്തിനെ പരാജയപ്പെടുത്തി റോയൽ ചലഞ്ചേഴ്സ് ബംഗളൂരു ഫൈനലിൽ പ്രവേശിച്ചു. ഈ മാസം 31-നാണ് ഫൈനൽ.

********************

## CCPA NOTICE - E- COMMERCE

ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വഴി അപകടകരമായ രാസവസ്തുക്കൾ, സ്ഫോടകവസ്തുക്കൾ, തുടങ്ങിയവയുടെ അനധികൃത ഓൺലൈൻ വിൽപനയ്ക്കും പരസ്യത്തിനും നിയന്ത്രണം ഏർപ്പെടുത്തി കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റി. അമോണിയം നൈട്രേറ്റ്, ഗൺ പൗഡർ തുടങ്ങിയ നിയന്ത്രിത വസ്തുക്കളുടെ വിൽപന സംബന്ധിച്ച് പ്രധാന ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

********************

## SC- MANIPUR

മണിപ്പൂരിൽ 2023 ൽ നടന്ന അക്രമവുമായി ബന്ധപ്പെട്ട വിചാരണ വേഗത്തിലാക്കണമെന്ന് സുപ്രീം കോടതി. വിഷയത്തിൽ സുപ്രീം കോടതി അധികൃതരിൽ നിന്നും തത്സ്ഥിതി റിപ്പോർട്ട് തേടി.

*********************

## UPSC – ANSWER KEY

സിവിൽ സർവീസസ് പ്രിലിമിനറി പരീക്ഷയുടെ പ്രൊവിഷണൽ ഉത്തരസൂചിക പുറത്തിറക്കി, യുപിഎസ്സി. പരീക്ഷ എഴുതിയ ഉദ്യോഗാർത്ഥികൾക്ക്, ഈ മാസം 31 ന് വൈകുന്നേരം 6 മണി വരെ, ഓൺലൈൻ ചോദ്യപേപ്പർ റെപ്രെസെന്റഷൻ പോർട്ടൽ വഴി, പരാതികൾ സമർപ്പിക്കാമെന്ന് കമ്മീഷൻ അറിയിച്ചു. എല്ലാ പരാതികളും, സമഗ്രമായി അവലോകനം ചെയ്യതിനുശേഷമായിരിക്കും , അന്തിമ ഉത്തരസൂചിക തയ്യാറാക്കുക.

*********************

***************

*******